# “അന്നമാചാര്യ” ചൊന്നത്

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

[തെലുങ്കുകവിയും സംഗീതകാരനുമായ ശ്രീ. അന്നമാചാര്യയുടെ (1408 – 1503) ചില വരികൾക്കുള്ളിലെ അധികവായന.]

1

*“വേർപാടിന്റെ തീവ്രവേദനയില്ലെങ്കിൽ*
*ഹർഷോന്മാദമെന്ത്?”*

സർ:
ദേശ് രാഗത്തിലെ
പുല്ലാങ്കുഴൽ മുഴക്കം
ഉന്മാദം മാത്രം
തരുന്നതെന്തേ?

2

*“എരിയുന്ന വെയിലില്ലെങ്കിൽ*
*തണലാർക്കു വേണ്ടി?”*

മഹാത്മൻ:
യമുനാകല്യാണിയിലെ
കുയിൽനാദം
യമുനാതീരത്തെ
നിഴൽപ്പടർപ്പാകാത്തതെന്തേ?

3

*“ഉഗ്രകോപ ആസക്തിയില്ലെങ്കിൽ*

*ക്ഷമയുടെ അതിർവരമ്പെന്തിന്?"*

ശ്രീമൻ:
സാരങ്കയിലെ
മദ്ധ്യമ തീവ്രതയില്ലാതെ
സാരസ്വത സ്തനങ്ങൾ
വ്യഥാ ചുരത്തുന്നത്
ആർക്കുവേണ്ടി?

4

*"ഉരുകിയൊന്നിക്കാനല്ലെങ്കിൽ*
*പ്രേമവും കവിതയും പിറന്നതെന്തിന്?"*

ഗുരുതമൻ:
മധ്യമാവതിയിലെ
കോമളനിഷാദക്കുറുങ്ങൽ
മാടപ്പിറാവിന്റെ തേങ്ങലിൽ
പദബന്ധം പൂരിപ്പിക്കാത്ത
ലഘുലേഖയിലെ വരികളിലെ
ആത്മദാഹമോ?
ഇനിയും ഈണം പുണരാത്ത
ഇണ തേടുന്ന സ്വരങ്ങളോ?
**************************************************************